(എ) 2001-ജനുവരി 21-ാം തീയതിയിലെ നിലയനുസരിച്ച് സംസ്ഥാന ഗവൺമെന്റിന് വായ്പ നൽകിയ ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ തുകയും പലിശയും മടക്കി നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് ബന്ധപ്പെട്ട ട്രഷറി ആഫീസർമാർക്ക് കത്ത് നൽകിയിരുന്നു ;

(ബി) ഈ ജില്ലാ സഹകരണ ബാങ്കുകൾക്ക് മുതൽ, പലിശയിനത്തിൽ എന്ത് തുക വീതം നൽകാനുണ്ടെന്ന് വെവ്വേറെ പറയുമോ ;

(സി) സംസ്ഥാന സഹകരണബാങ്കിൽ നിന്നും പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിൽ നിന്നും ഇതുവരെ എന്ത് തുക വീതം ഈ ഗവൺമെന്റ് നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഈ നിക്ഷേപം എത്ര തുകയായാണ് തിരിച്ച് നൽകേണ്ടത് ?

ഉത്തരം

(എ&ബി) ജില്ലാ സഹകരണ ബാങ്കുകൾ സർക്കാരിന് വായ്പ നൽകിയിട്ടില്ല.

(സി) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ഇപ്പോൾ നിക്ഷേപമില്ല. പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിൽ നിന്ന് 378.44 കോടി രൂപ.

(ഡി) 790.37 കോടി രൂപ.

## സർക്കാർ വകുപ്പുകൾ ട്രഷറിയിലടച്ച കടപ്പത്ര തുക

**63 (460)** ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രത്യേക ആവശ്യങ്ങൾക്കായി പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും കടപ്പത്രങ്ങളിലൂടെ സ്വരൂപിച്ച തുക ട്രഷറിയിൽ അടയ്ക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ടോ ;

(ബി) സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ട്രഷറിയിലടച്ച കടപ്പത്ര തുക പിന്നീട് സർക്കാർ മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ഉപയോഗിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വകമാറ്റി ചെലവ് ചെയ്ത കടപ്പത്ര തുകയും വർഷവും വകുപ്പിന്റെയും സ്ഥാപനത്തിന്റെയും പേരുവിവരങ്ങളും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ഭാഗ്യക്കുറി ഏജന്റുമാർക്ക് ക്ഷേമനിധി

**64 (461)** ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാർക്ക് ക്ഷേമനിധി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇതിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) 1966 മാർച്ച് 31-ൽ എത്ര അംഗങ്ങളാണുണ്ടായിരുന്നത് ;

(ഡി) സർക്കാരിന് യാതൊരു ലാഭവും ഉണ്ടാക്കിക്കൊടുക്കാത്ത മറ്റ് തൊഴിലാളി ക്ഷേമനിധികളെ അപേക്ഷിച്ച് കോടികൾ വിറ്റുവരവ് നടത്തിക്കൊടുക്കുന്ന ലോട്ടറി ഏജന്റുമാരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വളരെ കുറവാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ ക്ഷേമനിധി പരിഷ്ക്കരിക്കുവാനും നിലവിലുള്ള അംഗങ്ങളെ നില നിർത്തുവാനും കൂടുതൽ അംഗങ്ങളെ കൂട്ടിച്ചേർക്കുവാനും ആകർഷകമായ രീതിയിൽ ഇതിനെ പരിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ജില്ലതിരിച്ചുള്ള വിവരം താഴെ പറയുന്നു.

| | |
|---|---|
| തിരുവനന്തപുരം | 329 |
| കൊല്ലം | 252 |
| പത്തനംതിട്ട | 63 |
| ആലപ്പുഴ | 235 |
| കോട്ടയം | 234 |
| ഇടുക്കി | 100 |
| എറണാകുളം | 581 |
| തൃശ്ശൂർ | 468 |
| പാലക്കാട് | 397 |
| മലപ്പുറം | 258 |
| കോഴിക്കോട് | 455 |
| വയനാട് | 17 |
| കണ്ണൂർ | 344 |
| കാസർഗോഡ് | 39 |
| ആകെ | 3872 |

(സി) 3422 അംഗങ്ങൾ.

(ഡി) ഉണ്ട്.

(ഇ) പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly